(ബി) മുൻപ് ഏതെങ്കിലും വിഭാഗത്തിന് ഗാർഹിക രംഗത്ത് സൗജന്യ വൈദ്യുതി കണക്ഷൻ, ചാർജ് ഈടാക്കാനുള്ള വൈദ്യുതി എന്നിവ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ എവിടെയെല്ലാമാണെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(ഡി) ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 500 വാട്ട്സിൽ താഴെ കണക്ഷന് ലോഡും പ്രതിമാസം 70 യൂണിറ്റോ അതിൽ താഴെയോ വൈദ്യുതി ഉപയോഗിക്കുന്നവരുമായ ഗാർഹിക ഉപഭോക്താക്കളെ നോൺ പേയ്മെന്റ് ഗ്രൂപ്പിൽപ്പെടുത്തി സൗജന്യ വൈദ്യുതി നൽകുന്നു.

(ബി) 500 വാട്ട്സിൽ താഴെ കണക്ഷന് ലോഡുള്ള പോസ്റ്റ് ആവശ്യമില്ലാത്തെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നു.

(സി) വൈദ്യുതിക്കായി അപേക്ഷിച്ചിട്ടുള്ളതും എന്നാൽ വൈദ്യുതി എത്തിയിട്ടില്ലാത്തതുമായ പ്രദേശങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വൈദ്യുതിക്കായി അപേക്ഷിക്കുകയും 31-3-1997 വരെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ള പ്രദേശങ്ങളിലേയ്ക്കും, വൈദ്യുതീകരണത്തിനായി പി.പി.എസ്. സ്കീമിൽ പണമടച്ചിട്ടുള്ള പ്രദേശങ്ങളിലേയ്ക്കും, വൈദ്യുതി എത്തിക്കുന്നതിനുള്ള ജോലികൾ ഇപ്പോൾ മുൻഗണനാക്രമമനുസരിച്ച് നടന്നുവരുന്നു.

വൈദ്യുതോല്പ്പാദനം, പ്രസരണം, വിതരണം എന്നിവ മെച്ചപ്പെടുത്താൻ നടപടി

108 (3908) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതോല്പ്പാദനം, പ്രസരണം, വിതരണം എന്നിവ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഊർജ്ജിത നയം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഊർജ്ജനയം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൈദ്യുതി ഉപയോഗത്തിൽ താപ-തല വൈദ്യുത അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ജലവൈദ്യുതി, താപവൈദ്യുതി എന്നിവയിൽ ഉൽപ്പാദനം ലക്ഷ്യമിട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പ്പാദനം, പ്രസരണം, വിതരണം എന്നിവ മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

ഉൽപ്പാദന മേഖല:

2001-2002-ൽ : മലമ്പുഴ - 2.5 മെഗാവാട്ട്, കുത്തുങ്കൽ ജലവൈദ്യുത പദ്ധതി (പ്രൈവറ്റ്) 21 മെഗാവാട്ട്, ബി. എ സ്. ഇ. എ സ്. (പ്രൈവറ്റ്) 157 മെഗാവാട്ട് എന്നിവ കമ്മീഷൻ ചെയ്തു.

2002-2003-ൽ : വഴിക്കടവ് ഡൈവേർഷൻ (24 എം. യു.) കമ്മീഷൻ ചെയ്തു.

പള്ളിവാസൽ - 37.5 മെഗാവാട്ട്

ചെങ്കുളം - 48 മെഗാവാട്ട്

പന്നിയാർ - 30 മെഗാവാട്ട്

എന്നീ പദ്ധതികൾ നവീകരിച്ചു. സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു.

പ്രസരണ മേഖല:

2001-2002 സബ്സ്റ്റേഷനുകൾ

110 കെ. വി. - 6 എണ്ണം

33 കെ. വി. - 7 എണ്ണം

ലൈനുകൾ

110 കെ. വി. - 141. 03 സർക്യൂട്ട് കി. മീ.

66 കെ. വി. - 22.8 സർക്യൂട്ട് കി. മീ.

33 കെ. വി. - 302.16 സർക്യൂട്ട് കി. മീ.

കപ്പാസിറ്ററുകൾ 120 എം.വി.എ.ആർ.

LIBRARY ARCHIVES Kerala Legislative Assembly

2002–2003 സബ്സ്റ്റേഷനുകൾ

110 കെ. വി. – 7 എണ്ണം

33 കെ. വി. – 7 എണ്ണം

ലൈനുകൾ

110 കെ. വി. – 36.4 സർക്യൂട്ട് കി. മീ.

66 കെ. വി. – 44.4 സർക്യൂട്ട് കി. മീ.

33 കെ. വി. – 115.75 സർക്യൂട്ട് കി. മീ.

കപ്പാസിറ്ററുകൾ– 100 എം. വി. എ. ആർ.

സംസ്ഥാനത്തെ വൈദ്യുതി പ്രസരണം മെച്ചപ്പെടുത്താൻ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും കൂടുതൽ ശേഷിയുള്ള പ്രസരണ ലൈനുകൾ നിർമ്മിക്കുകയും, എച്ച്.ടി-എൻ.ടി. അനുപാതം കുറയ്ക്കുകയും ചെയ്തുവരുന്നു.

വിതരണ മെഖല :

വിതരണ മേഖല മെച്ചപ്പെടുത്താനായി 911 കീ.മി. 11 കെ. വി. ലൈൻ, 1160 ട്രാൻസ്ഫോർമറുകൾ, 186 കി. മീ. എൻ. ടി. ത്രീ ഫേസ് ലൈൻ, 26 കി.മീ-എൽ.ടി.സി.സിംഗിൽ ഫേസ് ലൈൻ എന്നിവ കൂടുതലായി സ്ഥാപിക്കുകയും 900 കീ.മി. സിംഗിൾ ഫേസ് ലൈനുകൾ 3 ഫേസ് ലൈൻ ആയി മാറ്റുകയും ചെയ്തു.

(ബി) ഉണ്ട്. 1990 ജൂലൈ മാസത്തിൽ, സംസ്ഥാന സർക്കാർ വൈദ്യുതോർജ്ജ നയം പ്രഖ്യാപിച്ചു. വൈദ്യുതോർജ്ജ നയം താഴെപ്പറയുന്ന കാര്യങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നു.

1. 2000-മാണ്ടോടെ കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുക.
2. പുതിയ സ്രോതസ്സുകൾ കണ്ടെത്തലും അവയുടെ വികസനവും.
3. പഴയ പദ്ധതികളുടെ പുനരുദ്ധാരണവും, വിപുലീകരണവും, ആധുനികവത്ക്കരണവും.
4. പവർകട്ടിൽ നിന്നും ലോഡ് ഷെഡ്ഡിംഗിൽ നിന്നും ശാശ്വതമായ മോചനം.
5. വൈദ്യുതോൽപ്പാദന മേഖലയിൽ നിക്ഷേപകർക്ക് പ്രോൽസാഹ ജനകമായ അന്തരീക്ഷം.
6. ഊർജ്ജമേഖലയുടെ ക്രമാനുഗതവും ത്വരിതവുമായ വളർച്ച ഉറപ്പാക്കാൻ പ്രത്യേക നിരീക്ഷണ സംവിധാനം.
7. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുകയും, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി എത്തിക്കലും.

LIBRARY ARCHIVES Kerala Legislative Assembly

8. സൂക്ഷ്മവും ഔചിത്യപൂർണ്ണവുമായ ഡിമാന്റ് സൈഡ് മാനേജുമെന്റിലൂടെ ഉൽപ്പാദനവും ഉപഭോഗവും ക്രമപ്പെടുത്തൽ, ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തൽ.

9. ഊർജ്ജ സംരക്ഷണം ഉറപ്പാക്കാൻ ഉപഭോഗരീതിയും ഉപകരണങ്ങളുടെ മേൻമയും ക്ലിപ്തപ്പെടുത്തുന്നതിനുള്ള നിയമ നിർമ്മാണം.

10. പാമ്പരേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും പ്രചാരണവും പ്രോൽസാഹനവും.

11. (1) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും.

(2) സ്വന്തമായി പുതിയ പദ്ധതികൾ ഏറ്റെടുക്കാനുള്ള സാമ്പത്തിക കാര്യപ്രാപ്തി ആർജ്ജിക്കാനും.

(3) ജനങ്ങളോടുത്തരവാദിത്തമുള്ള, ഉപഭോക്താക്കളുമായി സൗഹൃദപൂർണ്ണമായ സഹവർത്തിത്വം പുലർത്തുന്ന സ്ഥാപനമായി മാറ്റാനും ആവശ്യമായ പരിഷ്ക്കാരങ്ങളും, പുനഃസംഘടനയും സംസ്ഥാന വൈദ്യുതി ബോർഡിൽ വരുത്തൽ.

ടി വൈദ്യുതോർജ്ജനയത്തിന് അനുബന്ധമായി കോർപ്പറേറ്റ് ഓഫീസ് കൂടാതെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ 3 ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിന് 20-11-1998-ൽ ബോർഡ് തീരുമാനമെടുത്തു. ഇതിന് 27-4-2000-ൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകി. 1-4-2002 മുതൽ ഈ ലാഭ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു.

(സി) ബാധകമല്ല.

(ഡി) വൈദ്യുതി ഉപയോഗത്തിൽ താപ-ജലവൈദ്യുതി അനുപാതം 2001-2002-ൽ 45.7: 54.3, 2002-2003-ൽ 60.8: 39.2

(ഇ) ഉണ്ട്.

(എഫ്) സ്വകാര്യ പങ്കാളിത്തത്തോടുകൂടി 161 മെഗാവാട്ട് ശേഷിയുള്ള പുതിയ 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ സ്വകാര്യ സംരംഭകരിൽ നിന്നും 500 മെഗാവാട്ട് താപവൈദ്യുതിയും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

പ്രസരണ നഷ്ടം കുറയ്ക്കാൻ ആക്ഷൻ പ്ലാൻ

109 (3909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly